# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1952 | 13.06.2019 ൽ മറുപടിക്ക്

## അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് ഇവയ്ക്കെതിരെ സന്ധിയില്ലാത്ത സമരം നടത്തിയ നവോത്ഥാന സാമൂഹിക പ്രസ്ഥാനങ്ങൾക്ക് തുടർച്ചയില്ലാതായതാണ് സംസ്ഥാനത്ത് ഈയിടെ ഉണ്ടായിട്ടുള്ള ആത്മഹത്യയുടെയും കൊലപാതകത്തിന്റെയും കാരണമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഇല്ല. ഈ വിഷയം സാമൂഹ്യ ശാസ്ത്രപരമായതാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള വിലയിരുത്തൽ അപക്വമായ ഒന്നായി കാണുന്നു. |
| (ബി) നൂറുശതമാനം സാക്ഷരത, കേരള വികസന മാതൃക, സാംസ്കാരിക കേരളം തുടങ്ങിയ അവകാശ വാദങ്ങൾക്ക് പ്രഹരമേല്പിക്കുന്ന തരത്തിലുള്ള വാർത്തകൾ ഓരോ ദിവസവും ഉണ്ടാകുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കാറുണ്ട്. |
| (സി) കൊല്ലം ഓയൂരിൽ യുവതിയെ മന്ത്രവാദത്തിന് ഇരയാക്കി കൊലക്ക് കൊടുത്ത സംഭവവും നെയ്യാറ്റിൻകരയിൽ മന്ത്രവാദത്തിന് ഇരകളായി ഒരു അമ്മയും മകളും ആത്മഹത്യ ചെയ്ത സംഭവവും കേരളം സാംസ്കാരികമായി പിന്നോട്ട് പോകുന്നുവെന്നതിന്റെ സൂചനയല്ലേ എന്ന് വ്യക്തമാക്കുമോ? | (സി) ഈ സംഭവങ്ങളെക്കുറിച്ച് വിശദമായി അന്വേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ